## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5892** **09-07-2024 - ൽ മറുപടിയ്ക്ക്**

## കിഫ്‌ബി പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ കടം എടുക്കുന്നതിൽ കേന്ദ്ര സർക്കാർ കൊണ്ടു വന്ന നിയന്ത്രണങ്ങൾ കിഫ്‌ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി കിഫ്‌ബിയുടെ പ്രവർത്തനത്തെ നേരിട്ട് ബാധിച്ചിട്ടില്ല. |
| (ബി) | നിലവിൽ തുടർന്നു വരുന്ന കിഫ്‌ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കിഫ്‌ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതികളിലെ തടസങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി പതിവായി പദ്ധതി നിർവഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ കിഫ്‌ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും ശ്രദ്ധ ചെലുത്തുന്നുണ്ട്. കിഫ്‌ബി പദ്ധതികളുടെ നിർവ്വഹണത്തിനായി എസ്.പി.വി-കളെ തെരഞ്ഞെടുത്ത് പദ്ധതി നിർവ്വഹണത്തിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. ഈ പദ്ധതികൾക്ക് സർക്കാർ/ എസ്.പി.വിയുടെ ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകി ടെന്റർ നടപടികൾ പൂർത്തിയാക്കി നിർദ്ദിഷ്ട കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബഹു.മന്ത്രിമാർ/എം.എൽ.എ-മാർ എന്നിവരുടെ നേതൃത്വത്തിലും ബന്ധപ്പെട്ട എസ്.പി.വി-കളുമായി നിശ്ചിത ഇടവേളകളിൽ യോഗങ്ങൾ ചേർന്ന് പദ്ധതി സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി-കൾ എതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം, അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് പരിഹാര നിർദ്ദേശങ്ങളും പി.എം.സി സേവനങ്ങളും കിഫ്ബി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ